# തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ് അലുമിനി അസോസിയേഷൻ

St. Xavier's College P.O., Thiruvananthapuram - 695 586
Reg. No. TVM/TC/436/2013, E-mail: sxctalumni@gmail.com

Newsletter - 2019 1st May 2019

## വാർഷിക റിപ്പോർട്ട് 2018 – 19

**ലിസ്ബ യേശുദാസ്** (സെക്രട്ടറി)

**വേ**ൾഡ് യൂണിയൻ ഓഫ് ജസ്യൂറ്റ് അലുമിനി (WUJA) യുടെ ഭാഗമായ തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ് അലുമിനി അസോസിയേഷൻ, കോളേജ് അതിന്റെ സിൽവർ ജൂബിലി ആഘോഷിച്ച 1989-ലാണ് പ്രവർത്തനം ആരംഭിച്ചത്. 1999 മുതൽ അസോസിയേഷൻ ഒരു ഭരണഘടന ഉണ്ടാക്കി ചിട്ടയായി പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ 250-ലധികം സ്ഥിരാംഗങ്ങളും 900-ത്തോളം താല്കാലികാംഗങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ചാപ്റ്ററുകളിലുമായി അസോസിയേഷനിലുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ജീവിതനൈപുണ്യ ക്ലാസ്സുകൾ, തൊഴിൽ പരിശീലനം, രക്തദാന ക്യാമ്പുകൾ, അത്തപ്പൂക്കള മത്സരങ്ങൾ, വിവിധ സ്കോളർഷിപ്പുകൾ, അവാർഡ് ജേതാക്കളെ അനുമോദിക്കൽ എന്നിവ അസോസിയേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. 2013 മുതൽ അസോസിയേഷൻ ഒരു രജിസ്ട്രേഡ് സംഘടനയായി പ്രവർത്തിച്ചുവരുന്നു.

### വാർഷിക പൊതുയോഗ മിനിറ്റ്സ്

തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ് അലുമിനി അസോസിയേഷന്റെ വാർഷിക പൊതുയോഗം 01.05.2018 രാവിലെ 9.30-ന് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. അംഗങ്ങളുടെ പരസ്പര പരിചയപ്പെടലിനുശേഷം Jesuit Alumni Association of India യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് JAAI യുടെ വൈസ് പ്രസിഡന്റ് ശ്രീ. പ്രദീപ്കുമാർ ആമുഖ പ്രഭാഷണം നടത്തി. 11 മണിക്ക് പൊതുസമ്മേളനം ആരംഭിച്ചു. പ്രസിഡന്റ് അഡ്വ. എൻ.ആർ. സുരേഷ്കുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് ശ്രീ. കടയ്ക്കൽ രമേഷ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീ. ഫിറോസ് എ.എസ് വാർഷിക റിപ്പോർട്ടും ട്രഷറർ ഡോ. ഹാരിഷ് എസ്.ആർ. വാർഷിക കണക്കും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. പ്രമുഖ എഴുത്തുകാരി ശ്രീമതി. ഗിരിജാ സേതുനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കോളേജിലെ ഈ വർഷത്തെ Best outgoing Student-ന് ഏർപ്പെടുത്തിയിട്ടുള്ള ജോബോയ് മെമ്മോറിയൽ സ്കോളർഷിപ്പും 8 ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള 8 മികച്ച വിദ്യാർത്ഥികൾക്ക് സംഘടന ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പുകളും വിതരണം ചെയ്തു.

തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച ബൈലോ ഭേദഗതികളായ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ എണ്ണം 20-ൽനിന്ന് 25 ആക്കി വർദ്ധിപ്പിക്കുന്നതിനും, ഓരോ വൈസ് പ്രസിഡന്റ് ജോയിന്റ് സെക്രട്ടറി തസ്തികകൾ കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള പ്രൊപ്പോസൽ യോഗം അംഗീകരിച്ചു. ശ്രീ. അബ്ദുൾ വാഹിദിന്റെ മേൽനോട്ടത്തിൽ ഒരുക്കിയ ഉച്ചഭക്ഷണത്തിനുശേഷം യോഗം സമാപിച്ചു.

## പ്രവർത്തനങ്ങൾ

### പ്രവർത്തന റിപ്പോർട്ട്

2018 മേയ് 6-ാം തീയതി ചേർന്ന ആദ്യ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം ഭാരവാഹികളെ തിരഞ്ഞെടുത്തു. അഡ്വ. എൻ. ആർ. സുരേഷ് കുമാർ (പ്രസിഡന്റ്), ശ്രീ. കടയ്ക്കൽ രമേഷ് (വൈസ് പ്രസിഡന്റ്), ശ്രീ. ഫിറോഷ് എ.എസ്. (വൈസ് പ്രസിഡന്റ്), ശ്രീമതി. ലിസ്ബ യേശുദാസ് (സെക്രട്ടറി), ശ്രീ. ഷിമ്മി ജോസ് (ജോയിന്റ് സെക്രട്ടറി), ശ്രീ. ജോൺ ജോസഫ് പോൾ (ജോയിന്റ് സെക്രട്ടറി), ഡോ. ഹാരിഷ് എസ്.ആർ. (ട്രഷറർ), ശ്രീ. ഗുരുകുമാർ (ഓഡിറ്റർ) എന്നിവരെയാണ് പുതിയ ഭരണസമിതി അംഗങ്ങളായി തിരഞ്ഞെടുത്തത്.

ഫാ. ഐക്കര മെമ്മോറിയൽ ജൂബിലി ഓഡിറ്റോറിയം പ്രോജക്ടാണ് 2018-19 വർഷത്തെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടത്. 2019 ജനുവരി 27-ന് ആഡിറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു അടിയന്തിര പൊതുയോഗം വിളിച്ചുചേർത്തു. പ്രിൻസിപ്പൽ, മാനേജർ, ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. എന്നിവർ പങ്കെടുത്ത യോഗത്തിൽ കോളേജിന് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഒരു പുതിയ ഓഡിറ്റോറിയം വേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഓഡിറ്റോറിയം നിർമ്മാണത്തിനാവശ്യമായ ധനം സമാഹരിക്കുന്നതിന് അവലംബിക്കാവുന്ന വിവിധ മാർഗങ്ങളെക്കുറിച്ചും ചർച്ചയും അഭിപ്രായ രൂപീകരണവും നടന്നു. ഓഡിറ്റോറിയം നിർമ്മാണോദ്ഘാടന പരിപാടിയിൽ പൂർവ വിദ്യാർത്ഥികളുടെ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 2018 ജൂൺ 9-ാം തീയതി 4.30-ന് പാളയം സെന്റ് ജോസഫ്സ് സ്കൂളിൽ വച്ച് അസാധാരണ പൊതുയോഗം വിളിച്ചുചേർത്തു. 2018 ഓഗസ്റ്റ് മാസം കേരളം നേരിട്ട മഹാപ്രളയത്തിൽ ദുരിതമനുഭവച്ചവർക്ക് ഒരു കൈത്താങ്ങെന്ന വണ്ണം കോളേജുമായി സഹകരിച്ച് അവശ്യസാമഗ്രികൾ ശേഖരിച്ച് ദുരന്തമേഖലകളിൽ എത്തിക്കാൻ കഴിഞ്ഞു.



കെമിസ്ട്രി വിഭാഗത്തിലെ പൂർവ വിദ്യാർത്ഥിയായിരുന്ന പദ്മനാഭന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പത്മനാഭൻ മെമ്മോറിയൽ എൻഡോവ്മെന്റിനുവേണ്ടി ഒരു ലക്ഷം രൂപ കുടുംബാംഗങ്ങൾ സംഘടനയ്ക്ക് കൈമാറി.

ഇന്റർനാഷണൽ പീസ് യൂണിവേഴ്സിറ്റി ഓണറി ഡോക്ടറേറ്റ് നല്കി ആദരിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും സൂമൂഹ്യപ്രവർത്തകനുമായ ശ്രീ. എഫ്.എം. ലാസറിനെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഷാളണിയിച്ച് അനുമോദിച്ചു.

കോളേജിന്റെ NAAC മൂന്നാം ഘട്ട അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി സജീവമായി സഹകരിച്ചുവരുന്നു.

കാഞ്ഞിരപ്പള്ളിയിൽ വച്ച് നടന്ന JAAK എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങിലും, മധുരയിൽ വച്ച് നടന്ന JAAI സൗത്ത് സോൺ കൗൺസിൽ മീറ്റിങ്ങിലും ജംഷഡ്പൂരിൽ വച്ച് നടന്ന JAAI നാഷണൽ ഗവേണിങ് കൗൺസിൽ മീറ്റിങ്ങിലും സംഘടനയെ പ്രതിനിധീകരിച്ച് JAAK ന്റെ വൈസ് പ്രസിഡന്റ് ശ്രീ. മാത്യു സി.ഡി. പങ്കെടുത്തു.

കോളേജിന്റെ മുൻ റെക്ടറും മാനേജറും ബോട്ടണി & ബയോടെക്നോളജി വിഭാഗം മേദാവിയുമായിരുന്ന ഫാ. അഗസ്റ്റിൻ കല്ലുങ്കൽ, സംഘടനയുടെ വൈസ് പ്രസിഡന്റ് ശ്രീ. കടയ്ക്കൽ രമേഷിന്റെ പിതാവ് എന്നിവരുടെ മരണാനന്തര ചടങ്ങുകളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ പങ്കെടുക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

ഈ വർഷം 14 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും 2 അടിയന്തര പൊതുയോഗവും കൂടിയിട്ടുണ്ട്. •

## Message from the Manager

I am very much excited to see this Newsletter in connection with the College Alumni Association Annual Gathering!

This is a great reflection of an year long activities, memories, ideas and connections. On this occasion, I would also like to share my sincere gratitude to your efforts to be with us for the New College Auditorium. As you may aware that the Jesuit Alumni is an international platform which draws inspiration from Jesuit culture of uniting all former students as well as various organisational bodies across the globe.

I am sure the Annual General Meeting will provide an occasion for such a mutual encounter !

**Adv. Fr. Pious Vachapparambil S.J.**

## EXECUTIVE COMMITTEE MEMBERS



**Fr. Dasappan SJ**
Principal



**Fr.Biju Joy SJ**
Director



**Adv. N.R. Suresh Kumar** (President)



**Mrs. Lisba Yesudas**
Secretary



**Mr. Kadaykkal Ramesh**
(Vice President)



**Mr. Firosh AS**
(Vice President)



**Mr. Harish S.R.**
(Treasurer)



**Mr. Shimmy Jose**
(Joint Secretary)



**Mr. John Joseph Paul**
(Joint Secretary)



**Mr. Guru Kumar**
(Auditor)



**Mr. S. Balakrishnan**
(Executive Member)



**Mr. Ramprakash**
(Executive Member)



**Mr. Mathew C.D.**
(Executive Member)



**Mr. Abdul Vahid**
(Executive Member)



**Mrs. Sheeja S.V.**
(Executive Member)



**Dr. Sujith Edwin Pereira**
(Executive Member)



**Dr. Lazer F.M.**
(Executive Member)



**Mr. S. Lalji Dev**
(Executive Member)



**Mr. Heric Fernandez**
(Executive Member)



**Mr. Deepu S Nath**
(Executive Member)



**Mr. Radhakrishnan**
(Executive Member)



**Mr. C. Jose**
(Executive Member)



**Prof. Mohammed Rafeek**
(Executive Member)

# President's Desk

Our alma mater is more than 54years old. Almost 38,000 students have gone through this great institution by now. The greatness of any institution depends on the personalities the institution has created through the effort it puts in molding them. Our institution has succeeded in that venture in the sense that it has sent out ever so many luminaries in various fields who are well placed in and outside the country. That being the case, those who have benefited out of the institution have a reciprocal obligation to promote the general welfare of the institution as well. Association of alumni of any institution is the reflection of its past, representation of its present and a link to its future. Creating a supportive alumni network is crucial to the success of every institution. A strong alumni network by itself can be the best source available for building relationships, both business and personal. The support from the alumni bring with it credibility and justification to the success of the institution. Alumni this way acts as a role model to the new-comers, having breathed the same air and encountering similar challenges faced by them.

In our college we have such an association functioning right from 1989. Now it is a registered body and it works with utmost sincerity out of limited resources. We have only a lean membership of 250 when compared to those who have benefited through this institution. The association depends on the generosity of its members in making donations.

**Major objectives of our association are:**

1. To promote, encourage, help and build relations among the members.

2. to develop and maintain relationship with the college and collaborate with its various activities.

3. To uphold and maintain the honor and dignity of the College.

4. To follow the guidelines of the Federation of Jesuit Alumni/ae association of the South Zone-Level, at National-Level and at International-Level.

5. To hold periodic meetings and conferences among its members.

6. To organize and engage in Social, Cultural and Educational activities among its members and their families with a view to fostering Social, Cultural, Religious and Inter-Personal Relationships.

7. To publish and circulate a newsletter or bulletin, which shall be the official organ of the Association, through which it shall make known to the members, the various activities of the Association.

In order to fulfill the above objectives we need a strong association committed to the welfare of the College. So I humbly make an appeal to each and every beneficiary of this institution to become part of this Alumni Association and to extend their help accordingly to their might.

Wishing all a great time ahead.

**Adv. Suresh Kumar N.R.,** President

# ലോക മണ്ണ് – ജലദിനങ്ങൾ പ്രസക്തി



പ്രകൃതിയുടെവരദാനങ്ങളാണ് മണ്ണുംജലവുംവായുവും. ഇവയെല്ലാം ജീവന്റെ നിലനിൽപ്പിന്റെ അടിസ്ഥാനഘടകങ്ങളാണ്. എന്നാൽ ഇന്ന് ഇവ മൂന്നും മനുഷ്യനാൽ തന്നെ മലിനീകരിക്കപ്പെട്ടിരിക്കുന്നു. ജലമലിനീകരണം കാണാവുന്നതാണെങ്കിൽ മണ്ണിന്റെ മലിനീകരണം നേരിട്ട് കാണാനാകുന്നില്ലെങ്കിലും അത് നമ്മൾ കഴിക്കുന്ന ഭക്ഷണം, കുടിവെള്ളം, ശ്വസിക്കുന്ന വായു എന്നിവയെ വിഷമയമാക്കുന്നു. ഡിസംബർ 5 ലോക മണ്ണ് ദിനമായും മാർച്ച് 22 ലോക ജലദിനമായും ആചരിച്ചുവരുന്നു. ഇവയുടെ മലിനീകരണം തടയുക എന്ന ആശയം മുൻനിർത്തി ഓരോ വർഷവും ഓരോ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് ആചരിക്കുന്നത്. 2018-ന്റെ ലോക് മണ്ണ് ദിനത്തിന്റെ പ്രമേയം "Be the Solution to Stop Pollution" എന്നതായിരുന്നു. 2019-ലെ ലോക ജലദിന സന്ദേശം "Leaving no one behind" എന്നതാണ്.

മഴയുടെ അളവ് കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ നാട്ടിലും ജലത്തിന്റെ കൃത്യതയാർന്ന ഉപയോഗം അനിവാര്യമായിരിക്കുന്നു.

## വ്യക്തിഗത ജലസംരക്ഷണ ക്രമങ്ങൾ



• കുടിവെള്ളം ചെടി നനയ്ക്കാനും വാഹനം കഴുകാനും ഉപയോഗിക്കാതിരിക്കുക.

• വാട്ടർ ടാങ്കുകളിൽ ഫ്ളോട്ട് വാൽവ് ഘടിപ്പിക്കുക, ഇല്ലാത്തിടത്ത് രാത്രി ഉറങ്ങുമ്പോൾ KWA പൈപ്പ് തുറന്നിടരുത്.

• പൊതുടാപ്പ് ദുരുപയോഗം (വാഹനം കഴുകൽ, തുണി നനയ്ക്കൽ, കുളി ഓസിടൽ) അവസാനിപ്പിക്കുക.

• വീടുകളിലെ പൈപ്പ് ലൈൻ ലീക്ക് ഉടൻ തീർക്കുക, പൊതു ലൈനിലെ ലീക്ക് അറിയിക്കുക.

•പാത്രങ്ങളും തുണികളും കഴുകുമ്പോഴും ഷേവ് ചെയ്യൽ, പല്ല് തേക്കൽ സമയങ്ങളിലും ടാപ്പ് മുഴുവൻ നേരവും തുറന്നിടരുത്. ടാപ്പ് ആവശ്യത്തിനുമാത്രം മുഴുവൻ തുറക്കുക. ഷവർ, ഫ്ളഷ് ഉപയോഗങ്ങൾ ക്രമപ്പെടുത്തുക.

## വെള്ളത്തിന്റെ ഉപയോഗം ക്രമീകരിക്കുമ്പോൾ

പല്ല് തേക്കൽ ടാപ്പിൽ 40 ലിറ്റർ കപ്പിൽ 5 ലിറ്റർ, കൈകഴുകൽ ടാപ്പിൽ 20 ലിറ്റർ കപ്പിൽ 2 ലിറ്റർ, ചെടിനനയ്ക്കൽ ഹോസിൽ 120 ലിറ്റർ സ്പ്രേയറിൽ 5 ലിറ്റർ, കാർ കഴുകൽ ഹോസിൽ 200 ലിറ്റർ ബക്കറ്റിൽ 20 ലിറ്റർ, കുളി ഷവറിൽ 100 ലിറ്റർ ബക്കറ്റിൽ 20 ലിറ്റർ, നമുക്ക് പഴമയിലേക്ക് മടങ്ങാം. പല്ല് തേക്കാനും ഷേവ് ചെയ്യാനും കൈകഴുകാനും കപ്പിലും കുളിക്കാനും പാത്രം കഴുകാനും കാർ കഴുകാനും ബക്കറ്റിലും, ചെടി നനയ്ക്കാൻ സ്പ്രേയറിലും വെള്ളം എടുത്ത് ഉപയോഗിക്കുക. തുണികൾ ഒന്നിച്ച് കഴുകുക, ഉപയോഗിച്ച വെള്ളം ചെടിനനയ്ക്കൽ ഉൾപ്പെടെയുള്ള മറ്റാവശ്യങ്ങൾക്കായി വീണ്ടും ഉപയോഗിക്കുക.

വീടിനു ചുറ്റും മൊത്തം കോൺക്രീറ്റ് ചെയ്യാതെ കഴിയാവുന്ന എല്ലാ മഴവെള്ള സംഭരണശ്രമങ്ങളും നടത്തുക.

കുടിവെള്ളത്തിന് പകരം വയ്ക്കാനില്ലാത്തതിനാൽ ഓരോ തുള്ളി വെള്ളവും, എല്ലാ ജല സ്രോതസ്സുകളും നമുക്ക് സംരക്ഷിക്കാം.

ദിനങ്ങൾ ആചരിക്കുന്നതിലല്ല. അതിന്റെ സന്ദേശം ജീവിതത്തിൽ പാലിക്കലാണ് പ്രധാനം. നമ്മുടെ ഭൂമിയേയും കുടിവെള്ളത്തേയും വായുവിനേയും മലീമസമാക്കാതെ അടുത്ത തലമുറയ്ക്ക് കൈമാറാം.

**ഫിറോഷ് എ.എസ്,** വൈസ് പ്രസിഡന്റ്

# St. Xavier's: My First College

(**Kadakkal Ramesh**, Vice President, St. Xavier's College Alumni Association)

**I** am emotionally very much attached to Thumba St. Xavier's College, as this was my first college, after I completed my school studies at the age of 15. In the early seventies this college was having a very good reputation among the educated people in my village. That is why my parents decided to get admission for me for pre-degree in this college. The academic atmosphere of this college was very quiet, efficient and attractive under the leadership of former Principal Fr. Aikkara. All the students and teachers liked Fr. Aikkara, as he was an attractive personality. The political atmosphere was also very quiet, as it was only a junior college, with pre-degree classes only; and that too for boys only.

We used to get moral classes from our Principal every week, which has helped us to mould our character and personality. In my class there were students from different parts of Kerala, as well as from Malaysia and Srilanka.

NCC and NSS were very active in the college and it was compulsory for all the students. The life in the hostels were also very interesting and even now I have very close friends from my pre-degree batch. It was very interesting to watch rocket launching from ISRO, every Wednesday at 8 pm.

We will never forget the names of some of our professors like Fr. Nambiarparambil, Prof. John Kurian, Prof. Thamby, Prof. Lesley, Prof. Antony, Prof. Madhusoodhanan etc. All the teachers were very friendly with the students; and I still remember, we used to get special tuition for Physics by Prof. Joseph. All the hostel mates used to go to chappel at night for prayers, irrespective of their religion. Later, we had hundreds of very good friends, who were decorating very high posts in the government as well as in different parts of the world. I request our former students to come and join the Alumni Association and take part in the developmental activities of the college.

## It's Rejuvenating

**B**ack to campus with our smart phone once in a while, where we lived, enjoyed and celebrated our campus life without even thinking about the smart phone with internet, Facebook and WhatsApp, is, of course will be a thrilling and mesmerising experience for our wonderful rejuvenation at any age. To see the same old buildings, class rooms, trees, ground, court yard etc. where we wandered around thousand times in our campus life which holds many stories to remind us like the golden moments we spent with our campus mates. Definitely all these will take us to the nostalgic world of unforgettable romantic moments and glances of our campus life again.

If there is a will, there is a way - yes, if we would like to meet our teachers, class mates, campus mates and friends in the same old campus again, there may be a lot of beautiful surprise elements waiting for all of us.

**John J Paul**

## Best Out Going Student 2018 - 19

### RAMESH R



- Got First Prize in Gandhi Quiz organized by Khadi and Village Industries Board in the District Level and participated in the State Level.
- Got Second Prize in the Campus Literary Quiz organized by Mathrubumi Newspaper as part of Mathrubumi International Festival.
- Reached in finals in Sports Quiz organized by Asian School of Business.
- Participated in Quiz Competition at Department of Economics, Kariavattom.
- Won First Prize in Hindi Story Writing, Second Prize in Hindi Poem Writing and First Prize in Quiz organized by College Union 2018-19.. Won the Debate Competition and selected as Best Debater.
- Won Second Prize in Gandhi Quiz Competition organized by Department of History.




**Account Details: Auditorium Fund, A/c No:6143748427, Indian Bank, Puthenthope, IFSC Code:IDIB000P059**







*Editors*

**Mr. Shimmy Jose**
**Mrs. Lisba Yesudas**
**Mr. Firosh A.S.**